**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് - ഭിന്നശേഷിയിൽപ്പെട്ടവർക്കായി മെഡിക്കൽക്യാമ്പും, ഉപകരണ വിതരണ ക്യാമ്പും നടത്തുന്നതിനായി തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെയും നീലേശ്വരം നഗരസഭയുടെയും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 522/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05/03/2019

പരാമർശം:- ശ്രീ. എം.രാജഗോപാൽ എം.എൽ.എ (തൃക്കരിപ്പൂർ)യുടെ 04/02/2019 ലെ കത്ത്.

**ഉത്തരവ്**

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ ചീമേനിയിൽ ഭിന്നശേഷിയിൽപ്പെട്ടവർക്കായി മെഡിക്കൽക്യാമ്പും, ഉപകരണ വിതരണം നടത്തുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ക്യാമ്പും കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23ന് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും, ഈ ക്യാമ്പിന്റെ നടത്തിപ്പിലേയ്ക്കായി തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട തൃക്കരിപ്പൂർ, വലിയപറമ്പ, പടന്ന, പിലിക്കോട്, ചെറുവത്തൂർ, കയ്യൂർ-ചീമേനി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നീലേശ്വരം നഗരസഭയിൽ നിന്നും സാമ്പത്തിക സഹായം കൈപ്പറ്റുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ശ്രീ.എം.രാജഗോപാൽ എം.എൽ.എ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ ചീമേനിയിൽ ഭിന്നശേഷിയിൽപ്പെട്ടവർക്കായി മെഡിക്കൽക്യാമ്പും, ഉപകരണ വിതരണ ക്യാമ്പും നടത്തുന്നതിനായി തൃക്കരിപ്പൂർ, വലിയപറമ്പ, പടന്ന, പിലിക്കോട്, ചെറുവത്തൂർ, കയ്യൂർ-ചീമേനി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും നീലേശ്വരം നഗരസഭയുടെയും തനത് ഫണ്ടിൽ നിന്നും 5,000/- (അയ്യായിരം) രൂപയിൽ കവിയാത്ത തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് മുഖേന)
ബന്ധപ്പെട്ട നഗരസഭ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.